# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

25.07.2008–ന് ഉച്ചയ്ക്കുശേഷം 3.00 മണിക്ക് കൂടുന്ന യോഗത്തിന്റെ അജണ്ട

## 1. പൊതുവിഷയങ്ങൾ

1.1 2008–09 വാർഷിക പദ്ധതി അംഗീകാരത്തിനു മുൻപ് പൂർത്തിയാക്കേണ്ട പ്രവർത്തനഘട്ടങ്ങൾ – അവലോകനം

(i) 2007–08–ലെ പുതുക്കിയ നടപടി ഉത്തരവ് പുറപ്പെടുവിക്കൽ

(ii) ഡാറ്റാബേസ് തദ്ദേശഭരണ സ്ഥാപനത്തിലെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യൽ

(iii) 2007–08–ലെ ചെലവുകണക്കുകൾ റിപ്പോർട്ട് ചെയ്യൽ

(iv) 2008–09–ലെ സ്പിൽഓവർ പ്രോജക്ടുകൾ ഇലക്ട്രോണിക് രൂപത്തിൽ സമർപ്പിക്കൽ

(v) 2008–09–ലെ ഒന്നാംഘട്ട നടപടി ഉത്തരവ് പുറപ്പെടുവിക്കൽ

(vi) 2007–08–ലെ പരിഹാര തുക, ഷോർട്ട്ഫാൾ എന്നിവ സംബന്ധിച്ച കണക്കുകൾ ആപ്ലിക്കേഷൻ മുഖേന തയ്യാറാക്കൽ

1.2 സബ്സിഡി മാനദണ്ഡങ്ങൾക്ക് വിശദീകരണം

(a) *നെൽകൃഷി:* വിള ഇൻഷ്വറൻസ് പ്രീമിയം, കൃഷി ചെലവ് എന്നിവ ഉൾപ്പെടെ കർഷകർക്ക് ഒരു ഹെക്ടറിന് പരമാവധി 2500 രൂപ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങളിൽ വിശദീകരണം നൽകണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ട്.

(i) സബ്സിഡി, ഒരു വിളയ്ക്കാണോ അതോ ഒരു വർഷത്തേക്കാണോ? ഒരു വർഷത്തെ മൂന്ന് വിളയ്ക്ക് (അല്ലെങ്കിൽ രണ്ട് വിളയ്ക്ക്) ധനസഹായം എന്ന രീതിയിലാണെങ്കിൽ ഒരു വിള മാത്രം കൃഷിചെയ്യുന്നവർക്ക് ആനുപാതികമായ കുറവ് വരുത്തണമോ?

(ii) ആനുകൂല്യം പണമായി നൽകാമോ? ഏത് ഘട്ടത്തിൽ തുക അനുവദിക്കാം.

(iii) 'സുസ്ഥിര നെല്ല് വികസനം' എന്ന സംസ്ഥാന പരിപാടി പ്രകാരം കൃഷി വകുപ്പ്, ഉത്പാദനോപധികൾ ഉൾപ്പെടെ തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് ഒരു ഹെക്ടറിന് 5000 രൂപ ധനസഹായം നൽകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും 2500 രൂപ ധനസഹായം നൽകുന്നത് ഉത്പാദനോപാധികൾക്ക് ഉപരിയായി ആണോ? ഒരു കർഷകന് കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും സബ്സിഡിക്ക് അർഹതയുണ്ടോ?

(iv) ഏത് തരം കർഷകർക്കാണ് ധനസഹായം നൽകാവുന്നത്?

(b) *മണ്ണ് സംരക്ഷണം:-*

നീർത്തട വികസന പദ്ധതിയുടെ ഭാഗമായി ഒറ്റത്തവണത്തെ ഭൂവികസന പ്രവർത്തനങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഏറ്റെടുക്കാമെന്നതിനാൽ മണ്ണ് സംരക്ഷണ പ്രവൃത്തികൾക്ക് സബ്സിഡി അനുവദിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ഗ്രാമപ്രദേശങ്ങളിൽ മാത്രമേ നടപ്പാക്കുന്നുള്ളൂ എന്നതിനാൽ നഗര പ്രദേശങ്ങളിൽ പശ്ചിമഘട്ട വികസന പരിപാടിയുടെ മാനദണ്ഡപ്രകാരം സബ്സിഡി അനുവദിക്കാമോ എന്ന് വിശദീകരണം നൽകണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ട്.

*(c) ഓട്ടോറിക്ഷ/പിക് അപ്പ് ഓട്ടോറിക്ഷ*

പതിനൊന്നാം പദ്ധതിയിലെ ആദ്യവർഷത്തെ സബ്സിഡി നിരക്ക് പൊതുവിഭാഗം – 10,000 രൂപ; പട്ടികജാതി/പട്ടികവർഗം – 20,000 രൂപ എന്ന രീതിയിലായിരുന്നു. എന്നാൽ ഇപ്പോൾ നിരക്കുകൾ പുതുക്കി നിശ്ചയിച്ചത് പൊതുവിഭാഗം/പട്ടികജാതി– 15,000 രൂപ; പട്ടികവർഗ്ഗം – 30,000 രൂപ എന്നാണ്. പട്ടികജാതിക്കാരുടെ നിരക്ക് 15,000 എന്നത് പിശക് സംഭവിച്ചതാണ്. പിശക് തിരുത്തി (30,000 രൂപ) വിശദീകരണം നൽകാവുന്നതാണ്.

1.3 സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പരിപാടിയുടെ സബ്സിഡി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച്. നിർദ്ദേശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

1.4 നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പിന്തുണാ സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 26.11.2007–ൽ കൂടിയ CC യോഗം ചില തീരുമാനങ്ങൾ എടുത്തിരുന്നു. ഒരു തീരുമാനം ചുവടെ ചേർക്കുന്നു.

“നീർത്തട ആസൂത്രണത്തിനാവശ്യമായ വിവിധ ഭൂപടങ്ങൾ ലാൻഡ് യൂസ് ബോർഡ്, സർവെ ആന്റ് ലാന്റ് റിക്കോർഡ്സ്, സെന്റർ ഫോർ എർത്ത് സയൻസസ് സ്റ്റഡീസ്, സോയിൽ സർവെ വകുപ്പ്, ഇൻഫർമേഷൻ കേരള മിഷൻ, ഇന്റർഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ മുതലായ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കണം. അവ ശേഖരിക്കുന്നതിനുള്ള ചുമതല സംസ്ഥാന ആസൂത്രണബോർഡിനെ ഏൽപ്പിക്കാവുന്നതാണ്”.

സംസ്ഥാന ആസൂത്രണ ബോർഡുമായി ഔദ്യോഗിക/അനൗദ്യോഗിക തലത്തിൽ ബന്ധപ്പെട്ടപ്പോൾ ഇക്കാര്യത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഈ വിഷയം വീണ്ടും CCയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

## 2. പ്രത്യേക വിഷയങ്ങൾ

### 2.1 പുനലൂർ നഗരസഭ

യൂ.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി പ്രകാരം ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് (4.82 കോടി രൂപ) സർക്കാർ അനുമതി ലഭിച്ചിരുന്നു. ആ പ്രോജക്ടിന് നഗരസഭയുടെ വിഹിതം (12.00 ലക്ഷം രൂപ) നൽകുന്നതിന് 2007–08 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നില്ല. 'ടൗൺഹാൾ നിർമ്മാണം' എന്ന പ്രോജക്ട് ഭേദഗതി ചെയ്ത് 12.00 ലക്ഷം രൂപ കണ്ടെത്തി ഖരമാലിന്യ സംസ്കരണ പ്രോജക്ടിന്റെ വിഹിതം നൽകുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ ആവശ്യപ്രകാരം 12.02.2008–ലെ 6379/ഡി.സി.1/07/തസ്വഭവ നമ്പർ കത്ത് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആ നടപടിക്ക് സാധൂകരണം.

### 2.2 കുടുംബശ്രീ

09.01.2007–ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം സി.ഡി.എസ്. പ്രസിഡന്റുമാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതു പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സി.ഡി.എസ്. പ്രസിഡന്റുമാരുടെ ഏറ്റവും കുറഞ്ഞ ഹോണറേറിയം 750 രൂപയായും കൂടിയ ഹോണറേറിയം 2000 രൂപയായും വർദ്ധിപ്പിച്ച് 24.03.2008–ലെ സ.ഉ.(സാ) 873/08/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിരുന്നു. കുറഞ്ഞ നിരക്കിനുമേൽ ഹോണറേറിയം നൽകുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിച്ച നടപടിക്ക് സാധൂകരണം.

### 2.3 ശുചിത്വ മിഷൻ

കഴിഞ്ഞ 28 വർഷമായി കേരളത്തിൽ മദ്യം, മയക്കുമരുന്ന്, എയ്ഡ്സ്, ക്യാൻസർ, റോഡപകടം, ചിക്കൻഗുനിയ, മാലിന്യം എന്നിവയ്ക്കെതിരെ ബോധവൽക്കരണ "മാജിക് ഷോ" കേരളത്തിലെ ജയിലുകൾ, കോളേജുകൾ, ജനസാന്ദ്രതയുള്ള കവലകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ 'മജീഷ്യൻ നാഥ്' അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു. മാലിന്യം ഉയർത്തുന്ന ആഗോള പ്രശ്നം എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ "മാജിക് ഷോ" ഗ്രാമീണ മേഖലകളിൽ അവതരിപ്പിക്കാൻ തയ്യാറാണെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം ജില്ലകളിൽ പരിപാടി അവതരിപ്പിക്കുകയും, ഓരോ സ്ഥലത്തും ജനപ്രതിനിധികളും, 700 മുതൽ 1000 ഓളം കാണികളും ഉണ്ടായിരുന്നതായി അറിയിച്ചിട്ടുണ്ട്. ഒരു ഷോയ്ക്ക് 5000 രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽ കുറഞ്ഞ ചിലവിൽ പരിപാടി നടത്തുന്നതിന് ജില്ലാ ശുചിത്വ സമിതിക്ക് നെഗോസിയേഷനിലൂടെ നിശ്ചയിക്കാവുന്നതാണ്. മാജിക് ഷോ നടത്താത്ത ജില്ലകളിൽ അത് നടത്തുന്നതിനുള്ള തീരുമാനം പരിഗണിക്കാവുന്നതാണ്.

**2.4 വിവരസാങ്കേതിക വകുപ്പ്**

സ്മാർട്ട് ഇൻഫോ ഹബ്, കേരള എന്ന പേരിൽ വിവരസാങ്കേതിക വകുപ്പ് ഒരു പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിൽ നടപ്പാക്കുന്നുണ്ട്. വെളിയം, അഞ്ചൽ, പൂതക്കുളം, കൊറ്റംകര, പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് പ്രോജക്ട് നടപ്പാക്കുന്നത്. വിവരസാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ഗ്രാമീണ ജനങ്ങളിൽ എത്തിക്കുക, സേവനങ്ങൾ ലഭ്യമാക്കുക, ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുക, ഗ്രാമീണ ഉദ്യോഗാർത്ഥികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഈ പ്രോജക്ട് നടപ്പാക്കുന്നതിന് ഏകദേശം 2000 ചതുരശ്ര അടി സ്ഥലം ആവശ്യമുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വാടകയില്ലാതെ സ്ഥലം 33 വർഷത്തേക്ക് ലഭ്യമാക്കണമെന്ന് വിവരസാങ്കേതിക വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.. പെരിനാട്, കടയ്ക്കൽ ഗ്രാമ പഞ്ചായത്തുകൾ സ്ഥലം സൗജന്യമായി നൽകുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്.

**2.5 കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ**

തൊഴിൽ സാധ്യതയുള്ള ചുവടെ ചേർത്തിട്ടുള്ള കമ്പ്യൂട്ടർ കോഴ്സുകൾ വിവിധ ഏജൻസികളുമായി ചേർന്ന് സംസ്ഥാന ഐ.ടി. മിഷൻ നടത്തി വരുന്നുണ്ട്.

| SL No | Name of course | Agency | Course of Duration (in hours) | | Fee |
|---|---|---|---|---|---|
| | | | Theory | Lab | |
| 1 | Basic Level Linux Package | DOEACC | 90 | 85 | 1960 |
| 2 | Advanced open office package | DOEACC | 16 | 84 | 1700 |
| 3 | Certificate course in JAVA | DOEACC | 66 | 109 | 2200 |
| 4 | Diploma in Web Designing | DOEACC | 80 | 165 | 3340 |
| 5 | C++ Certificate Course | DOEACC | 58 | 102 | 2080 |
| 6 | Certificate Course in Photoshop | DOEACC | 80 | 70 | 1820 |
| 7 | Certificate Course in page maker | DOEACC | 80 | 70 | 1820 |
| 8 | Certificate Course in Illustrator | DOEACC | 80 | 70 | 1820 |
| 9 | Certificate Course in Corel Draw | DOEACC | 80 | 70 | 1820 |
| 10 | Certificate Course in Flash | DOEACC | 80 | 70 | 1820 |
| 11 | Certificate Course in Director | DOEACC | 80 | 70 | 2020 |
| 12 | MS Office | DOEACC | 16 | 84 | 1500 |
| 13 | Arabic Typing Tutor | KELTRON | 2 | 40 | 650 |
| 14 | Learn & Speak English Package | C-DIT | 2 | 50 | 750 |
| 15 | Internet | C-DIT | 1 | 10 | 140 |
| 16 | Certificate Programme for Visually Challenged | SPACE | 20 | 140 | 160 |
| 17 | Basic Computer Literacy Programme | C-DIT | 1 | 15 | 110 |

ഈ കോഴ്സുകൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന നിർദ്ദേശം.

ഐ.ടി.മിഷൻ അക്ഷയ കേന്ദ്രങ്ങൾ മുഖേന നടത്തുന്ന ഇ – വിദ്യ കോഴ്സിന് (കമ്പ്യൂട്ടർ പ്രയോഗം, ഹാർഡ്‌വെയർ, എം.എസ്. വേർഡ്, എം.എസ്.എക്സൽ,

ഇന്റർനെറ്റ്, മലയാളം ടൈപ്പിംഗ് ട്യൂട്ടർ) തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. കോഴ്സ് ഫീസ് 450 രൂപയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികളുടെ ഫീസ് തദ്ദേശഭരണസ്ഥാപനത്തിന് സബ്സിഡിയായി നൽകാം. ഈ രീതിയിൽ മുകളിൽ സൂചിപ്പിച്ച കോഴ്സുകൾക്ക് സബ്സിഡി അനുവദിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

**2.6 ഐ.ടി. @ സ്കൂൾ പ്രോജക്ട്**

സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 6.5.2008–ലെ എൻ.ഇ.പി.3/80281/07/ ഡി.പി.ഐ നമ്പർ നടപടി ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുമ്പോൾ ഉണ്ടാകേണ്ട കുറഞ്ഞ സ്പെസിഫിക്കേഷൻ, നൽകാവുന്ന പരമാവധി വില, വിതരണക്കാരൻ നൽകേണ്ട സേവന വ്യവസ്ഥകൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ട് നടത്തിയ കേന്ദ്രീകൃത പർച്ചേസ് വ്യവസ്ഥകൾക്ക് തുല്യമായതിനാലും ഏറ്റവും കുറഞ്ഞ വിലയ്ക്ക് ലഭ്യമായതിനാലും സ്കൂളുകൾക്ക് ഏറെ ഗുണപ്രദമായിരിക്കും എന്ന് കരുതുന്നു. കമ്പ്യൂട്ടർ സംബന്ധിച്ച സാങ്കേതിക സഹായത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോ–ഓർഡിനേറ്ററുമായി ബന്ധപ്പെടാവുന്നതാണ്.

**2.7 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**

തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും നേതൃത്വത്തിൽ കില നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി 70 ശതമാനം ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിന് പ്രതിവർഷം 35,000 രൂപ വേണ്ടി വരും. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ഒരു സിറ്റിങ്ങിന് | | |
| | ഭക്ഷണം 9x30 | = | 270.00 |
| | സിറ്റിംഗ് ഫീസ് വക്കീലിന് | = | 150.00 |
| | സിറ്റിംഗ് ഫീസ് എസ്.സി/എസ്.റ്റി സാമൂഹ്യ പ്രവർത്തക | = | 50.00 |
| | സി.ഡി.എസ്. ചെയർപേഴ്സൺ | = | 50.00 |
| | | | **520.00** |
| | ഒരു മാസത്തിൽ കുറഞ്ഞത് 2 സിറ്റിങ്ങ് 520x2 | = | 1040.00 |
| | ഒരു വർഷത്തേക്ക് സിറ്റിംഗിനായി വരുന്ന ചെലവ് 1040x12 | = | 12480.00 |
| 2 | വാർഡ് ജാഗ്രതാ സമിതിക്ക് അടക്കം സ്റ്റേഷനറി ഒരു വർഷത്തേക്ക് | = | 2000.00 |
| 3 | പോസ്റ്റേജ് ഒരു വർഷത്തേക്ക് | = | 2500.00 |
| 4 | ഫോൺ ചാർജ് ഒരു വർഷത്തേക്ക് | = | 3000.00 |

| | | | |
|---|---|---|---|
| 5 | രജിസ്റ്ററുകൾ വാർഡുകൾക്ക് അടക്കം ഒരു വർഷത്തേക്ക് | = | 720.00 |
| 6 | സഹായ സമിതി ഒരു യോഗത്തിന്റെ ചെലവ് 25x30 | = | 750.00 |
| | വർഷത്തിൽ 4 യോഗം 4x750 | = | 3000.00 |
| 7 | യാത്രാപ്പടി–വക്കീൽ, സി.ഡി.എസ്. ചെയർപേഴ്സൺ, SC/ST സാമൂഹ്യപ്രവർത്തക (ഔദ്യോഗികമായി യാത്രാപ്പടി) വാങ്ങാൻ കഴിയാത്തവർക്ക്) ഒരു വർഷത്തേക്ക് | = | 2000.00 |
| 8 | കൗൺസിലേസിന്റെ സേവനം ലഭ്യമാക്കാൻ | = | 3900.00 |
| 9 | ഓഫീസ് റൂം വാടകക്കാണെങ്കിൽ, വാടകതുക 400x12 | = | 4800.00 |
| | **ആകെ** | | **35,000.00** |

'സ്ത്രീ പദവി പഠനം' നടത്താൻ താൽപ്പര്യമുള്ള 292 ഗ്രാമപഞ്ചായത്തുകൾ കിലയുടെ സഹായം അഭ്യർത്ഥിച്ചിരുന്നു. ആദ്യഘട്ടമായി 52 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പഠന പരിപാടിക്ക് ഏകദേശം 34,000 രൂപ ചെലവ് വരും.

ജാഗ്രതാ സമതികളുടെ പ്രവർത്തന ചെലവ് വഹിക്കുന്നതിന് പ്രതിവർഷം 35,000 രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അനുമതി നൽകണമെന്നും സ്ത്രീ പദവി പഠനം ഏറ്റെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് 34,000 രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നുമാണ് കില 2007 മാർച്ചിൽ ആവശ്യപ്പെട്ടിരുന്നത്. 2007–08 ലെ ചെലവുകൾ വഹിക്കുന്നതിന് 21.03.2007 ലെ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 30.03.2007–ലെ 8002/കെ.1/07/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിനാവശ്യമായ തുക അതത് ഗ്രാമ പഞ്ചായത്ത് തന്നെ ഓരോ വർഷവും കണ്ടെത്തണമെന്നും സ്ത്രീ പദവി പഠനത്തിന് ആവശ്യമായ ഫണ്ട് സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്നതാണെന്നും ആ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ജാഗ്രതാ സമിതികളുടെ കാര്യത്തിൽ 2008–09 മുതൽ തുടർന്നുള്ള വർഷങ്ങളിലെ പ്രവർത്തന ചെലവുകൾ വഹിക്കുന്നതിന് അനുമതി നൽകാമോ എന്ന് തീരുമാനിക്കേണ്ടതുണ്ട്.

**2.8 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

2006–07 വാർഷിക പദ്ധതിയിൽ 'സാക്ഷരതാ കേന്ദ്രങ്ങൾക്ക് ' പുസ്തകം എന്ന പ്രോജക്ട് (5.00 ലക്ഷം രൂപ) നടപ്പാക്കിയ നടപടിക്ക് ലോക്കൽ ഫണ്ട് ആഡിറ്റ് തടസം ഉണ്ടായിട്ടുണ്ട്. 4–ാം തരം, 7–ാം തരം തുല്യതാ പാഠപുസ്തകങ്ങൾ വാങ്ങി തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് നൽകുകയാണ് ചെയ്തത്. പ്രോജക്ട് നടപ്പാക്കിയ നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം.

**2.9 പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

എം.പി.ഫണ്ട്, എം.എൽ.എ. പ്രത്യേക വികസന ഫണ്ട്, പ്രകൃതിക്ഷോഭ സഹായ ഫണ്ട് എന്നിവ പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ കൂടി തദ്ദേശസ്വയംഭരണ വകുപ്പ് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുള്ള ഈ സംഘത്തെ ടെണ്ടർ കൂടാതെ ഏൽപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് സംഘം ആവശ്യപ്പെട്ടിരുന്നു. സംഘത്തിന്റെ ആവശ്യം ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ്ടായി. റവന്യൂ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ടെണ്ടർ കൂടാതെ ഏൽപ്പിക്കേണ്ടതായി വന്നാൽ സർക്കാർ നൽകുന്ന ഭരണാനുമതി തുകയ്ക്കുള്ളിൽ പണി പൂർത്തിയാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യമുണ്ടാകും. പ്രവൃത്തികൾക്ക് പിന്നീട് കൂടുതൽ തുക അനുവദിക്കാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ പ്രകൃതിക്ഷോഭ സഹായ ഫണ്ട് പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണത്തിന്, പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന പ്രവൃത്തികളായ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ എന്നിവയിൽ അഞ്ച് ലക്ഷത്തിന് മേലുള്ള പണികൾക്ക് ടെണ്ടർ വിളിച്ച് ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നൽകുക എന്ന നിലവിലുള്ള രീതിയായിരിക്കും അഭികാമ്യം."

**2.10 മത്സ്യഫെഡ്**

(a) സംസ്ഥാനത്തെ മത്സ്യബന്ധന രംഗത്തിന് ആവശ്യമായ നവീന സാങ്കേതിക വിദ്യകൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന മത്സ്യ ശീതീകരണ പ്ലാന്റുകൾ, വല ഫാക്ടറി, ഉപകരണ വിപണന ശാലകൾ മുതലായവയുടെ പിൻബലം മത്സ്യഫെഡിനുണ്ട്. മത്സ്യതൊഴിലാളികളെ സ്വയം സഹായ ഗ്രൂപ്പുകളാക്കി സംഘടിപ്പിച്ചു കൊണ്ട് അതാത് മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ ബന്ധിപ്പിച്ച് പ്രവർത്തിച്ചു വരുന്നു. ഈ സ്വയം സഹായ ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ മൈക്രോഫൈനാൻസ് വിതരണം ചെയ്തു വരുന്നു.

ഇപ്രകാരം സംസ്ഥാനത്തെ മത്സ്യത്തൊഴിലാഴികളുടെ വരുമാന വർദ്ധനവും മത്സ്യ ഉത്പാദനത്തിലുള്ള വർദ്ധനവും ലക്ഷ്യമിട്ടു കൊണ്ട് മത്സ്യഫെഡ് നടപ്പിലാക്കിവരുന്ന വിവിധപദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായം അനിവാര്യമാണ്.

താഴെപ്പറയുന്ന രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മത്സ്യഫെഡുമായി ചേർന്ന് പ്രവർത്തിച്ചുകൊണ്ട് മത്സ്യതൊഴിലാളികളുടെ പുരോഗതിയിലും മത്സ്യ ഉൽപാദനം, സംസ്കരണം, വിപണനം എന്നീ മേഖലകളിലും പങ്കാളികളാകാവുന്നതാണ്.

- മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ്/വാണിജ്യ ബാങ്കുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി മത്സ്യബന്ധന ഉപകരണങ്ങൾക്ക് വിതരണം ചെയ്യുന്ന വായ്പകൾക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്.

- മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനത്തിന് സബ്സിഡി അനുവദിക്കാവുന്ന താണ്.
- മത്സ്യത്തൊഴിലാളികളെ മത്സ്യഫെഡ് നടപ്പിലാക്കുന്ന അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ചുരുങ്ങിയ വാർഷിക പ്രീമിയത്തിൽ ഇൻഷ്വർ ചെയ്യാവുന്നതാണ്.
- മത്സ്യതൊഴിലാളി സ്ത്രീകൾക്ക് മത്സ്യവിപണനം, സംസ്കരണം എന്നിവയ്ക്കുള്ള മൈക്രോഫൈനാൻസ് വായ്പാ സഹായം ലഭ്യമാക്കാവുന്നതാണ്.
- ഉൾനാടൻ മത്സ്യബന്ധനം/മത്സ്യകൃഷി മേഖലയിൽ മത്സ്യഫെഡിന്റെ താഴെപ്പറയുന്ന പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണത്തോടു കൂടി നടപ്പിലാക്കുവാൻ കഴിയും.

*(i)* *സാമൂഹിക മത്സ്യകൃഷി*

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ജലാശയങ്ങൾ മത്സ്യകൃഷിക്കായി വനിതകളുടെ സ്വയം സഹായ സംഘങ്ങൾ, അയൽക്കൂട്ടം, തൊഴിൽ ഗ്രൂപ്പുകൾ എന്നിവയ്ക്ക് വിട്ടുകൊടുക്കുന്ന പക്ഷം മത്സ്യകൃഷിക്കാവശ്യമായ മികച്ച വിത്ത് വിതരണം, സാങ്കേതിക സഹായം, വിളവിന്റെ വിപണനം എന്നിവ മത്സ്യഫെഡ് നിർവ്വഹിക്കുന്നതായിരിക്കും. ഇപ്രകാരം ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

*(ii)* *അലങ്കാര മത്സ്യകൃഷി*

തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മത്സ്യകയറ്റുമതി ഏജൻസി എന്നിവയുടെ കൂട്ടായ സഹകരണവും മത്സ്യഫെഡിന്റെ സാങ്കേതിക സഹായവും പരിശീലനവും ലഭ്യമാക്കിക്കൊണ്ട് തൊഴിൽരഹിതരായ വനിതകൾക്ക് അലങ്കാര മത്സ്യകൃഷിയിൽ പരിശീലനം, ധനസഹായം, വിപണന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുവാൻ സാധിക്കും.

*(iii)* *ആറ്റുകൊഞ്ച് കൃഷി*

ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടു കൂടി ആറ്റുകൊഞ്ച് കൃഷിക്ക് കർഷകർക്കു വേണ്ട വിത്ത്, ധനസഹായം, സാങ്കേതിക സഹായം എന്നിവ മത്സ്യഫെഡ് നൽകി വരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ജലാശയങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സാധിക്കും.

*(iv)* *അക്വേറിയം നിർമ്മാണം.*

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പൊതു അക്വേറിയങ്ങളുടെ നിർമ്മാണം, പരിപാലനം എന്നിവയ്ക്ക് മത്സ്യഫെഡിന് മികച്ച സാങ്കേതിക സംവിധാനമുണ്ട്.

മേൽപ്പറഞ്ഞ ഉൾനാടൻ മത്സ്യ ഉൽപ്പാദന പദ്ധതികൾക്ക് മത്സ്യഫെഡിന് മികച്ച രീതിയിലുള്ള സാങ്കേതിക മികവും, അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുവാൻ കഴിയും.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ മത്സ്യഫെഡിനെ ഈ മേഖലയിലെ നിർവ്വഹണ ഏജൻസിയായും സാങ്കേതിക ഏജൻസിയായും അംഗീകരിക്കണമെന്ന് മത്സ്യഫെഡ് ആവശ്യപ്പെട്ടിട്ടുണ്ട്. മത്സ്യഫെഡിനെ സാങ്കേതിക ഏജൻസിയായി കണക്കാക്കുന്നതോടൊപ്പം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവദിക്കുന്ന രീതിയിൽ പ്രേജക്ട് മാനേജ്മെന്റ് ചാർജ്ജ് കൂടി അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

*(b) അക്വാകൾച്ചർ:*

മത്സ്യഫെഡിന് കീഴിൽ 654 പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 190 എണ്ണം ഉൾനാടൻ മേഖലയിലാണ്. മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ ജലാശയങ്ങളിൽ മത്സ്യം വളർത്തൽ, ചെമ്മീൻ വളർത്തൽ മുതലായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. 2008–09 സാമ്പത്തിക വർഷം ഒരു ഗ്രാമപഞ്ചായത്തിൽ കുറഞ്ഞത് ഒരു ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. ജലാശയങ്ങൾ കണ്ടെത്തി വാർഷിക പദ്ധതിയുടെ ഭാഗമായി കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണം ആവശ്യമാണ്. മികച്ച വിത്ത് വിതരണം, സാങ്കേതിക സഹായം മുതലായവ മത്സ്യഫെഡ് നിർവഹിക്കുന്നതായിരിക്കും. മത്സ്യഫെഡിന്റെ ഫീൽഡ് ഓഫീസർമാർ സർവെ നടത്തി ഉചിതമായ ജലാശയങ്ങൾ കണ്ടെത്തുന്നതാണ്. ഈ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ഗ്രാമപഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന ആവശ്യം.

**2.11 മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതി ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടില്ല.

*(i) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (വികസനഫണ്ട് – 7500 രൂപ)*

ഗ്രാമപഞ്ചായത്തിലെ ഹൈസ്ക്കൂളിലെ 10–ാം ക്ലാസ് വിദ്യാർത്ഥികളിൽ ഉന്നത വിജയം നേടുന്ന (എ പ്ലസ് ലഭിക്കുന്ന) എല്ലാ വിദ്യർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

*(ii) സ്കൂൾ ഗൈഡ് യൂണിഫോം (വികസനഫണ്ട് 22,000 രൂപ)*

സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോം അതത് സ്കൂളുകൾക്ക് ലഭ്യമാക്കി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

*(iii) ഗ്രാമപഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് (മെയിന്റനൻസ് ഫണ്ട് – 6.55 ലക്ഷം രൂപ)*

പൂർത്തീകരണ പ്രോജക്ട് ആയതിനാൽ ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിട്ടില്ല. നിലവിലുള്ള ഓഫീസ് കെട്ടിടത്തിന്റെ അടിസ്ഥാന

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച മൂന്ന് പ്രോജക്ടുകൾക്കും അനുമതി നൽകണമെന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യം.

**2.12 ചീഫ് എഞ്ചിനീയർ,**

2000 മുതലാണ് ജലസേചന – പൊതുമരാമത്ത് വകുപ്പുകളിൽ നിന്ന് ഒരു ചീഫ് എഞ്ചിനീയറെയും, അനുബന്ധ എഞ്ചിനീയറിംഗ് ജീവനക്കാരെയും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർ വ്യന്യസിക്കുന്ന പ്രക്രിയ ആരംഭിച്ചത്. ഈ പ്രക്രിയ ഇപ്പോഴും തുടർന്നുവരികയാണ്. ഇങ്ങനെ പുനർ വ്യന്യസിക്കപ്പെട്ട് നിയമനം ലഭിക്കുന്നവർ, സമയബന്ധിതമായി ജോലിയിൽ പ്രവേശിക്കാതിരിക്കുന്നതിനാൽ ഈ പ്രക്രിയ ഫലപ്രദമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 01.01.2008 മുതൽ തദ്ദേശസ്വയംഭരണ വകുപ്പിന് സ്വന്തമായി ഒരു എഞ്ചിനീയറിംഗ് കേഡർ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഓരോ ജില്ലാ പഞ്ചായത്തിനും ഒരു എക്സിക്യൂട്ടീവ് എൻജിനീയറും ഓരോ ബ്ലോക്കുപഞ്ചായത്തിനും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും രണ്ട് ഗ്രാമപഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറും അനുബന്ധ ഉദ്യോഗസ്ഥരും ജോലി നോക്കി വരുന്നു. എന്നാൽ ഇങ്ങനെ പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർക്കോ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കോ, അസിസ്റ്റന്റ് എഞ്ചിനീയർക്കോ വാഹന സൗകര്യം ഇതുവരെ അനുവദിക്കപ്പെട്ടിട്ടില്ല. ഇക്കാരണത്താൽ തന്നെ ഇവർക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ടോ എന്ന കാര്യം സംശയമാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഒരു ജില്ല മൊത്തമായി അധികാരപരിധി ഉള്ളതാണ്. അദ്ദേഹത്തിന്റെ കീഴിൽ നടന്നുവരുന്ന നിർമ്മാണപ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിനും കീഴുദ്യോഗസ്ഥരുടെ പ്രവൃത്തി നേരിൽകണ്ട് വിലയിരുത്തി തക്ക സമയങ്ങളിൽ വേണ്ട നിർദ്ദേശം നൽകാനും യാതൊരു വാഹന സൗകര്യവും നിലവിലില്ല. ജില്ലാ പഞ്ചായത്തിൽ മൂന്ന് വാഹനങ്ങൾ ഉണ്ടെങ്കിലും ഒന്ന് പ്രസിഡന്റിനും ഒന്ന് സെക്രട്ടറിക്കും വേണ്ടിയാണ്. അവയെല്ലാം സെക്രട്ടറിയുടെ അധീനതയിലാണ്. ഓരോ തവണയും വാഹനസൗകര്യം ലഭ്യമാക്കാൻ സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങുന്നതും പ്രായോഗികമല്ല. ഇക്കാരണത്താൽ പ്രവൃത്തികൾ ഫലപ്രദമായി മേൽനോട്ടം വഹിക്കുന്നതിലും ഗുണനിലവാരം നിലനിർത്തുന്നതിലും പോരായ്മ വരുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരാറുകാരുടെ വാഹനത്തിൽ സൈറ്റിൽ പോകുന്നത് ആശാസ്യമല്ല. ഇതിന് പരിഹാരം കണ്ടെത്തുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർമാർക്കും വാഹനം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്.

ഇപ്പോൾ മിക്ക എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിലും അസിസ്റ്റന്റ് എക്സിക്യുട്ടീവ് എൻജിനീയർ ആഫീസിലും ഫോൺ സൗകര്യം ലഭ്യമല്ല. ഫോൺ

നിലവിലുള്ളിടത്ത് ബന്ധപ്പെട്ട ജില്ലാ/ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയിട്ടുള്ള ഒരു എക്സ്റ്റൻഷൻ ഫോൺ മാത്രമാണ്. ഇക്കാരണത്താൽ പലപ്പോഴും ഇവരുമായി ബന്ധപ്പെടുവാൻ സാധിക്കാറില്ല. ഇതിന് ഒരു പരിഹാരമായി ഈ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ആഫീസ് ഫോൺ സൗകര്യംകൂടി അനുവദിക്കേണ്ടതാണ്.

പതിനാല് എക്സിക്യൂട്ടീവ് എഞ്ചീനീയർമാർക്കായി പതിനാല് കാറുകളും (മൂന്ന് എണ്ണം പഴയകാറുകൾക്ക് പകരം) രണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് രണ്ട് കാറുകളും (ഒരെണ്ണം പഴയതിനു പകരം) ഉൾപ്പെടെ ആകെ 16 കാറുകളും സബ്ഡിവിഷനുകളിലേയ്ക്ക് 80 ജീപ്പുകളുമാണ് ചീഫ് എഞ്ചിനീയർ ആവശ്യ പ്പെട്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കുമായി പതിനാറ് കാറുകൾ വാങ്ങുന്ന കാര്യവും ഇവരുടെ ഓഫീസുകളിൽ ടെലഫോൺ സൗകര്യം അനുവദിക്കുന്നതും പരിഗണിക്കാമോ എന്ന് ചർച്ചചെയ്ത് തീരുമാനിക്കാവുന്നതാണ്.

### 2.13 റീജിയണൽ പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, കോഴിക്കോട്

ബേപ്പൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഒന്നാം നില നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണ റിപ്പോർട്ടിനോടൊപ്പം ചുവടെ ചേർത്തിരിക്കുന്ന ശുപാർശ കൂടി റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമർപ്പിക്കുകയുണ്ടായി.

"കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോഴും ഫണ്ട് അനുവദിക്കുമ്പോഴും വൈദ്യുതീകരണത്തിനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ ഇനങ്ങൾ കൂടി എസ്റ്റിമേറ്റിൽ ഉൾക്കൊള്ളി ക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാവുന്നതാണ്."

***സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.***

"കെട്ടിട നിർമ്മാണ പ്രോജക്ടിനോടൊപ്പം വൈദ്യുതീകരണത്തിനും വൈദ്യുതി കണക്ഷനുവേണ്ടി വൈദ്യുതി ബോർഡിൽ അടയ്ക്കേണ്ട തുക കൂടി ഉൾപ്പെടുത്തി യായിരിക്കണം കെട്ടിടനിർമ്മാണ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്ന് നിഷ്കർഷിക്കാവുന്നത്. ഈ ആവശ്യത്തിലേക്ക് പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സഹായം കൂടി അഭ്യർത്ഥിക്കാവുന്നതാണ്."

### 2.14 എടച്ചേരി ഗ്രാമപഞ്ചായത്ത്

വാഹന ഗതാഗത യോഗ്യമല്ലാത്ത സ്ഥലങ്ങളിൽ തലച്ചുമടായി സാധനങ്ങൾ എത്തിക്കേണ്ടി വരാറുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എഞ്ചിനീയർമാർ കൺവെയൻസ് അലവൻസ് ഉൾപ്പെടുത്താറില്ല. അത് കാരണം കരാറുകാരും ഗുണഭോക്തൃ സമിതികളും ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. അതിനാൽ സിമെന്റ്, ഇഷ്ടിക, മണൽ എന്നിവ തലച്ചുമടായി എത്തിക്കുന്നതിനുള്ള കൂലി കൺവെയൻസ് അലവൻസായി എസ്റ്റിമേറ്റിൽ

ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്ന ആവശ്യം. സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"തദ്ദേശസ്വയംഭരണ വകുപ്പിലെ 45 ലക്ഷം രൂപ വരെ അടങ്കൽ വരുന്ന മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ താലൂക്ക്തല കൺവെയൻസും അതിന് മുകളിൽ അടങ്കലുള്ള (45 ലക്ഷത്തിന് മുകളിൽ) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ യഥാർത്ഥ കൺവെയൻസുമാണ് നൽകിവരുന്നത്. എന്നാൽ താലൂക്ക്തല കൺവെയൻസ് നൽകി വരുന്ന പ്രവൃത്തികൾക്ക് ചിലപ്പോൾ ആവശ്യമായ യഥാർത്ഥ കൺവെയൻസ് ലഭിക്കാതെ വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന ഒരു വിഷയമാണ് എടച്ചേരി ഗ്രാമ പഞ്ചായത്ത് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത്തരം കുറവുകൾ കൂടി കണക്കിലെടുത്താണ് കരാറുകാരൻ ടെൻഡർ നിരക്ക് ക്വാട്ട് ചെയ്യേണ്ടത്. തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ കൂടുതൽ കൊടുക്കാൻ സാധ്യമല്ലാത്തതുകൊണ്ടാണ് കൂടുതൽ നിരക്ക് അനുവദിക്കാൻ കഴിയാത്തത്. പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിയമമനുസരിച്ച് താലൂക്ക്തല കൺവെയൻസിനു പുറമേ യാതൊരു നിരക്കും അനുവദിക്കാൻ പാടില്ല. എന്നാൽ സർക്കാർ ഉത്തരവ് നൽകുന്നപക്ഷം എസ്റ്റിമേറ്റിൽ യഥാർത്ഥത്തിൽ ആവശ്യമായ കൺവെയൻസ് ചാർജ്ജ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകാവുന്നതാണ്. എന്നാൽ ഇത് ദുരുപയോഗം നടത്താതിരിക്കാൻ പരിശോധന നടത്തി തെറ്റാണെന്ന് കാണുന്ന പക്ഷം അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കാൻകൂടി വ്യവസ്ഥ ചെയ്യേണ്ടതാണ്".

**2.15 അടാട്ട് ഗ്രാമപഞ്ചായത്ത്**

സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ, ആസ്തി വിവരങ്ങൾ, വസ്തു നികുതി വിവരങ്ങൾ, ഭൂ വിനിയോഗ വിവരങ്ങൾ, ജല-വിതരണ-നിർഗമന വിവരങ്ങൾ, ഊർജ്ജ സംബന്ധമായ വിവരങ്ങൾ തുടങ്ങി വികസന പ്രവർത്തനങ്ങൾ ക്കാവശ്യമായ എല്ലാ വിവരങ്ങളും ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ (GIS) ശേഖരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രോജക്ടിന് (14.68 ലക്ഷം രൂപ) അനുമതി നൽകണമെന്ന ആവശ്യം.

കിലയിൽ നിന്നുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു ഉപദേശക സമിതിയുടെ സഹായത്തോടെ പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**2.16 കോട്ടയം ജില്ലാ പഞ്ചായത്ത്**

2005-06 സാമ്പത്തിക വർഷത്തിൽ റോഡിതര ആസ്തികളുടെ മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് 17.44 ലക്ഷം രൂപയുടെ ഫർണിച്ചർ വാങ്ങി 12 സ്കൂളുകൾക്ക് നൽകിയ നടപടിക്ക് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് തടസ്സം ഉണ്ടായിട്ടുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ഫർണിച്ചർ വാങ്ങിയ നടപടി ക്രമരഹിത മാണെന്നാണ് ആഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്.

30.12.2005–ലെ 49776/പി/2005/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സ്കൂളുകൾക്ക് ആവശ്യമായ ഫർണിച്ചർ മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**2.17 എടരിക്കോട് ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി നാല് അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഏറ്റവും കുറഞ്ഞത് അഞ്ച് സെന്റ് സ്ഥലം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ ഭൂമിയുടെ ദൗർലഭ്യവും വിലക്കൂടുതലും കാരണം പാലിക്കാൻ കഴിഞ്ഞിട്ടില്ല. 2.00, 3.00, 2.50, 3.00 എന്നിങ്ങനെയാണ് സ്ഥലം ലഭ്യമായിട്ടുള്ളത്. അതിനാൽ 5 സെന്റ് സ്ഥലം വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കണമെന്നതാണ് ആവശ്യം. സാമൂഹ്യക്ഷേമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"14.05.2007–ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ.(എം.എസ്)നം.128/2007/ തസ്വഭവ നമ്പർ ഉത്തരവിൽ 11–ാം പദ്ധതി കാലത്ത് ഓരോ അംഗൻവാടിക്കും സ്ഥലവും കെട്ടിടവും നൽകുന്നതിന് വിശദമായ പ്രവർത്തന പദ്ധതി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കണമെന്ന് നിർദ്ദേശമുണ്ട്. ഒരു അംഗൻവാടിക്ക് 5 സെന്റ് സ്ഥലം എന്നത് ഏറ്റവും കുറഞ്ഞ ഏരിയയാണ്. ആയതിനാൽ അഞ്ച് സെന്റ് ഭൂമി അംഗൻവാടിക്കു വേണ്ടി വാങ്ങുന്നതിന് മാർക്കറ്റ് റേറ്റ് നൽകാൻ അനുവദിക്കുന്നതായിരിക്കും കുട്ടികളുടെ ക്ഷേമത്തിന് നല്ലത്. ഇത്രയും സ്ഥലമുണ്ടെങ്കിൽ ചെറിയ പൂന്തോട്ടവും, slide, swing എന്നിവ install ചെയ്യുന്നതിനും സാധിക്കും.

**2.18 മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗം**

വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറിയവ ഉൾപ്പെടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ (Assets) പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2004–05 സാമ്പത്തിക വർഷം മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് നൽകുകയും അതിന്റെ വിനിയോഗം സംബന്ധിച്ച് വിശദമായ മാർഗ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സർക്കുലറുകളിലൂടെയും ഉത്തരവിലൂടെയും മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങളും സ്പഷ്ടീകരണങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആഫീസ്, ഷോപ്പിംഗ് കോംപ്ലക്സ്, കല്യാണ മണ്ഡപം, സാംസ്കാരിക നിലയം, തെരുവു വിളക്കുകൾ എന്നിവയുടെ പുതിയ നിർമ്മാണത്തിനു വേണ്ടിയും ഇവയുടെ അറ്റകുറ്റപ്പണി, പുനരുദ്ധാരണം എന്നിവയ്ക്കുവേണ്ടിയും ആഫീസ് ആവശ്യങ്ങൾക്ക് ഫർണിച്ചർ, ഉപകരണങ്ങൾ

എന്നിവ വാങ്ങുന്നതിനുവേണ്ടിയും ആഫീസിലെ വാഹനത്തിന്റെ റിപ്പയർ, ഇന്ധന ചെലവ് എന്നിവയ്ക്കുവേണ്ടിയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയും, അംഗൻവാടികളിൽ കിണർ കുഴിക്കുന്നതിനു വേണ്ടിയും, നടത്തിപ്പും സംരക്ഷണവും (Operation & Maintenance) ഗുണഭോക്തൃ സമിതികളെ ഏല്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള ജലസേചന–കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവുകൾ, സംരക്ഷണ ചെലവുകൾ എന്നിവയ്ക്കു വേണ്ടിയും, ഗുണഭോക്താക്കളിൽ നിന്ന് ഫീസ്/വാടക ഈടാക്കി നൽകേണ്ടതായിട്ടുള്ള കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടിയും, ആഢംബര സ്വഭാവമുള്ള പ്രവൃത്തികൾ/ ഉപകരണങ്ങൾ എന്നിവയ്ക്കുവേണ്ടിയും, മാലിന്യം നീക്കംചെയ്യൽ, ഓട വൃത്തിയാക്കൽ, പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകൽ തുടങ്ങിയ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വേണ്ടിയും, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ മറ്റ് തനത് ആസ്തികളുടെ നിർമ്മാണത്തിനും സംരക്ഷണ ത്തിനും വേണ്ടിയും മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതായും, കൂടാതെ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ്ഫണ്ടിന്റെ ഭൂരിഭാഗം തുകയും കറണ്ട് ചാർജ്ജ് നൽകൽ, വെള്ളക്കരം നൽകൽ എന്നിവയ്ക്കായി വിനിയോഗിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണതകൾക്കെതിരെ കർശന നടപടികളെടുക്കണമെന്ന് ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ഏതൊക്കെ ആവശ്യങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാമെന്നുള്ളതിന് വിശദമായ ഒരു ഉത്തരവ് ഇറക്കുന്നത് നന്നായിരിക്കും. നിലവിലുള്ള വ്യവസ്ഥകളിൽ താഴെപറയുന്ന മാറ്റങ്ങൾ കൂടി ഉൾക്കൊള്ളിച്ച് ഉത്തരവ് ഇറക്കാവുന്നതാണ്.

| ***നിലവിലെ സ്ഥിതി*** | ***വരുത്തേണ്ട മാറ്റം*** |
|---|---|
| (A) <u>വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ നൽകൽ</u><br><br>പൊതു ആവശ്യഗ്രാന്റ് ഉപയോഗിച്ച് നടത്തേണ്ട ചെലവുകൾക്ക് റോഡ് മെയിന്റനൻസ് ഗ്രാന്റ്, റോഡ് ഒഴികെയുള്ള ആസ്തികളുടെ മെയിന്റനൻസ് എന്നിവയ്ക്കുള്ള തുകയുടെ 10% കൂടി വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകളിൽ പരിധിയെപ്പറ്റി പരാമർശമില്ല. അതിനാൽ മിക്ക തദ്ദേശ ഭരണ സ്ഥാപനങ്ങളും മെയിന്റനൻസ് ഫണ്ടിന്റെ (Non-road) സിംഹഭാഗവും വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ചെലവാക്കുന്നതായി കാണുന്നു. | (A) <u>കുടിവെള്ളക്കരം, വൈദ്യുതി ചാർജ്ജ് നൽകൽ</u><br><br>കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം നൽകുന്നതിനും, കേരള വാട്ടർ അതോറിട്ടിയിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുള്ളതോ, പൊതു ടാപ്പുകൾ മാത്രമുള്ളതോ ആയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. കേരള വാട്ടർ അതോറിട്ടിയിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുള്ളതും എന്നാൽ പൊതു ടാപ്പുകൾ മാത്രമുള്ളതുമായ കുടിവെള്ള പദ്ധതികളുടേയും ഒമ്പതാം പദ്ധതിക്കു മുമ്പ് സ്ഥാപിച്ച് തദ്ദേശ ഭരണ സ്ഥാപനം നടത്തിവരുന്നതും എന്നാൽ പൊതു ടാപ്പുകൾ മാത്രമുള്ളതുമായ കുടിവെള്ള പദ്ധതികളുടേയും ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള (ജലസേചന വകുപ്പിന്റെ |

| | |
|---|---|
| | സമ്മതത്തോടെ) ജലസേചന പദ്ധതികളുടേയും അറ്റകുറ്റപ്പണി, പുനരുദ്ധാരണം എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്. എന്നാൽ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ പരമാവധി 10% തുക മാത്രമേ ഈ ആവശ്യങ്ങൾക്കായി വിനിയോഗിക്കാവൂ. |
| (B) <u>മരുന്നു വാങ്ങൽ</u><br>മുകളിൽ പറഞ്ഞ 10% എന്ന പരിധിക്ക് വിധേയമായി ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകളെ അനുവദിച്ചിരുന്നു. ഇങ്ങനെ ചെലവാക്കുന്ന 10% റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് എത്ര, റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് എത്ര എന്ന് വ്യക്തമാക്കിയിരുന്നില്ല. അതിന് സ്പഷ്ടീകരണം ആവശ്യമാണ്. | (B) റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ പരമാവധി 10% തുക മരുന്നു വാങ്ങുന്നതിന് ഉപയോഗിക്കാം |
| (C) <u>ഉപകരണങ്ങൾ വാങ്ങൽ</u><br>ആശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്. അത് കൈമാറികിട്ടിയ മറ്റു സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടതുണ്ട്. | (C) <u>കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് പുതിയ ഉപകരണങ്ങൾ വാങ്ങൽ</u><br>ഒരു ഉപകരണത്തിന് 25,000/- രൂപയിൽ കൂടുതൽ വിനിയോഗിക്കാൻ പാടില്ല. ജീവനക്കാർക്കുവേണ്ടിയുള്ള ഫർണിച്ചർ വാങ്ങുവാൻ പാടുള്ളതല്ല. |

### 2.19 കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം)

ആയുർവേദ ആശുപത്രിക്ക് ആവശ്യമായ ഔഷധങ്ങൾ ഈ സംഘത്തിൽ നിന്നു കൂടി നേരിട്ട് വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് സംഘം ആവശ്യപ്പെട്ടിട്ടുണ്ട്. സംഘത്തിന്റെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ആയൂർവേദ ഡോക്ടർമാർ അംഗങ്ങളായുള്ള ഒരു ഔഷധ നിർമ്മാണ സഹകരണ സംഘമാണ് കൊല്ലം ജില്ല ആയൂർവേദ ഔഷധ നിർമ്മാണ സഹകരണ സംഘം. നിലവിൽ മേൽപ്പടി സംഘത്തിൽ 552 അംഗങ്ങളുണ്ട്. ഇരുനൂറോളം ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സ്ഥാപനത്തിന്റെ ശുചിത്വത്തിനും നൽകുന്ന GMP സർട്ടിഫിക്കറ്റ് 2005 മേയ് മാസത്തിൽ പ്രസ്തുത സഹകരണ സംഘത്തിന് ലഭിക്കുകയുണ്ടായി. ഈ സംഘത്തിന്റെ സെക്രട്ടറിയായി ജോലി നോക്കുന്നത്, വ്യവസായ വകുപ്പിൽ നിന്നുള്ള എക്സ്റ്റൻഷൻ ഓഫീസറാണ്.

സഹകരണ സംഘത്തിന്റെ ആയൂർവേദ നിർമ്മാണ യൂണിറ്റിലെ ലബോറട്ടറിയും, സ്റ്റോറേജ് സൗകര്യങ്ങളും പരിശോധിച്ചതിൽ നിന്ന് ശുചിത്വവും,

ആരോഗ്യകരവുമായ ചുറ്റുപാടുകളിലാണ് മരുന്ന് നിർമ്മാണം നടത്തുന്നതും, സൂക്ഷിക്കുന്നതും എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന്റെയും വിതരണം നടത്തുന്നതിന്റെയും കൃത്യമായ കണക്കുകൾ ഇവിടെ സൂക്ഷിക്കുന്നുണ്ട്. 2006–07 വരെയുള്ള സംഘത്തിന്റെ കണക്കുകൾ സഹകരണ സംഘം രജിസ്ട്രാർ ഓഡിറ്റ് ചെയ്തിട്ടുണ്ട്. അതനുസരിച്ച് സംഘത്തിന്റെ വിറ്റുവരവ് 36.87 ലക്ഷം രൂപയായിരുന്നു. 2006–07 ൽ സംഘത്തിന് 25,121/– രൂപ അറ്റാദായം ലഭിച്ചിട്ടുണ്ട്.

സഹകരണസംഘത്തിന്റെ പ്രധാനപ്പെട്ട ഉപഭോക്താക്കൾ സംഘത്തിലെ അംഗങ്ങളായ ഡോക്ടർമാർ തന്നെയാണ്. അവരുടെ ക്ലിനിക്കുകളിലെ ചികിത്സക്ക് ആവശ്യത്തിനുള്ള മരുന്നുകൾ ഈ സംഘത്തിൽ നിന്നാണ് വാങ്ങുന്നത് എന്നാണ് മനസ്സിലായത്. അതുകൊണ്ട് തന്നെ ഇവിടെ ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കപ്പെടുന്നുണ്ട്. സംഘത്തിലെ അംഗങ്ങളായ ഡോക്ടർമാർക്ക് 30 മുതൽ 35 ശതമാനം വരെ ഡിസ്കൗണ്ട് കൊടുക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. <u>അംഗങ്ങൾക്ക് അനുവദിക്കുന്ന അതേ റേറ്റിൽ നൽകുകയാണെങ്കിൽ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി മേൽപ്പടി സംഘത്തിൽ നിന്ന് മരുന്നുകൾ വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് അനുവാദം കൊടുക്കാവുന്നതാണ്. ഒരു വർഷത്തിന് ശേഷം സ്ഥിതി അവലോകനം ചെയ്ത ശേഷം മേൽ നടപടി സ്വീകരിക്കാവുന്നതാണ്.</u>

### 2.20 സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK)

പൊതുമേഖലാ സ്ഥാപനമായ സിൽക്കിന്റെ സ്വതന്ത്രയൂണിറ്റുകളിൽ ഒന്നായ തുറവൂരിലെ ജനറൽ എഞ്ചിനീയറിംഗ് വർക്സിൽ നിന്നും ഖരമാലിന്യ പരിപാലന പ്രോജക്ടുകൾക്ക് ആവശ്യമായ ഡസ്റ്റ്ബിൻ, വീൽ ബാരോ, കണ്ടയിനർ തുടങ്ങിയവും ഓഫീസ് ഫർണിച്ചറുകളും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം.

******